**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3721** **09-10-2025 - ൽ മറുപടിയ്ക്ക്**

**നാല് വർഷ ബിരുദ കോഴ്സുകൾ ആരംഭിച്ചതിലൂടെ ഉണ്ടായ മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാല് വർഷ ബിരുദ കോഴ്സുകൾ ആരംഭിച്ചതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണകരമായ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിൽ ആരംഭിച്ച നാലുവർഷ ബിരുദ പദ്ധതി (FYUGP) വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിൽ വിപുലമായ അവസരങ്ങൾ നൽകുന്നു. മേജർ–മൈനർ സംവിധാനം വഴി താൽപര്യമുള്ള വിഷയങ്ങൾ പഠിക്കാനുള്ള സ്വാതന്ത്ര്യം, പഠനത്തോടൊപ്പം അനുബന്ധ മേഖലകളിൽ അറിവ് സമ്പാദിക്കാൻ ഉള്ള അവസരം എന്നിവ നിലവിൽ വന്നു. വിദ്യാർത്ഥികൾക്ക് പഠന വിഷയങ്ങൾ ഇടയ്ക്കുവെച്ച് മാറ്റാനും വ്യക്തിപരമായ അക്കാദമിക് ബിരുദങ്ങൾ ഡിസൈൻ ചെയ്യാനും ഉള്ള അക്കാദമിക് ഫ്ലക്സിബിലിറ്റി നിലവിൽ വന്നു. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്കിൽ കോഴ്സുകളും ഇന്റേൺഷിപ്പ് അവസരങ്ങളും വിദ്യാർത്ഥികളെ തൊഴിൽ മേഖലയിലേക്ക് കൂടുതൽ കരുത്തോടെ തയ്യാറാവാൻ ഉള്ള അവസരങ്ങൾ നൽകുന്നു. കൂടാതെ കോളേജുകൾക്കും സർവകലാശാലകൾക്കും ഇടയിലെ മൊബിലിറ്റിയും ഇന്റർ-യൂണിവേഴ്സിറ്റി ട്രാൻസ്ഫർ സംവിധാനവും വിദ്യാർത്ഥികൾക്ക് ഒരു പുതിയ പഠനാനുഭവം ആണ് നൽകിയിട്ടുള്ളത്. ഇതോടൊപ്പം, ലോകമെമ്പാടുമുള്ള ഫോർ-ഇയർ മോഡൽ അടിസ്ഥാനമാക്കിയാണ് ഈ ബിരുദ പ്രോഗ്രാം തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ അന്താരാഷ്ട്ര തലത്തിലുള്ള തുല്യതയും അംഗീകാരവും ലഭ്യമാവുകയും അതുവഴി വിദേശ സർവകലാശാലകളിലേക്ക് പ്രവേശനം നേടാനും ഗവേഷണ–കരിയർ സാധ്യതകൾ വികസിപ്പിക്കാനും FYUGP വിദ്യാർത്ഥികളെ സഹായിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ബി. എഡ്. കോഴ്സുകളുടെ ഭാവി എന്താണ്; ഇവ ഏത് രീതിയിൽ ഏകോപിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം (ITEP) എന്ന പേരിൽ NCTE ഒരു നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. വിഷയ പരിജ്ഞാനം, പ്രൊഫഷണൽ പരിശീലനം, സ്കൂൾ ഇന്റേൺഷിപ്പുകൾ എന്നിവ സെമസ്റ്ററുകളിലുടനീളം സംയോജിപ്പിച്ച് നാല് വർഷത്തെ മൾട്ടി ഡിസിപ്ലിനറി ബി.എഡ്. പ്രോഗ്രാം |

| | | | |
|---|---|---|---|
| | | | ആയി അദ്ധ്യാപക പരിശീലന പ്രോഗ്രാമുകളെ പുനഃക്രമീകരിക്കണം എന്നാണ് അത് നിർദേശിക്കുന്നത്. നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | നിലവിലുള്ള ബി. എഡ്. കോഴ്സ് പൂർത്തീകരിച്ചവർക്ക് അദ്ധ്യാപക നിയമനത്തിന് അർഹത ലഭിക്കുന്നതിന് ഭാവിയിൽ എന്തെങ്കിലും തടസ്സം നേരിടുമോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിലുള്ള ബി.എഡ്. കോഴ്സ് പൂർത്തീകരിച്ചവർക്ക് അദ്ധ്യാപക നിയമനത്തിന് എന്തെങ്കിലും തടസ്സം ഉണ്ടാവുന്നതായി റിപ്പോർട്ടുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ